(സി) മേൽ കലാകാരന്മാർ വിദേശത്തുനിന്നുള്ള ക്ഷണം അനുസരിച്ച് പോയതിനാൽ സർക്കാർ സാമ്പത്തിക സഹായം ആവശ്യമായിരുന്നില്ല.

(ഡി) ഇപ്പോൾ ഇക്കാര്യം സർക്കാർ പരിഗണനയിൽ ഇല്ല.

15 (1653) "സോഷ്യോ എക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ"

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമവികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചു വരുന്ന സ്വയം ഭരണ സ്ഥാപനമായ "സോഷ്യോ എക്കണോമിക് യൂണിറ്റ്" ഫൗണ്ടേഷനിൽ പണിയെടുത്തു വരുന്ന ജീവനക്കാരെ പരിച്ചുവിടാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇവരെ സ്ഥിരപ്പെടുത്താൻ നടപടി സ്വീകരിക്കുമോ;

(സി) സമാനസ്വഭാവമുള്ള മറ്റ് സ്വയംഭരണ സ്ഥാപനങ്ങളിൽ ചെയ്തതുപോലെ സേവന-വേതന വ്യവസ്ഥകൾ പരിഷ്കരിച്ച് ഇവരെ സ്ഥിരപ്പെടുത്തുവാൻ മാനേജുമെന്റിന് നിർദ്ദേശം നൽകുമോ?

<u>ഉത്തരം</u>

(എ)-(സി) സോഷ്യോ എക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ ഗ്രാമവികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്ന സംഘടനയല്ല. പ്രസ്തുത സംഘടന ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള സ്വതന്ത്ര സംഘടനയാണ്. (നോൺ ഗവൺമെന്റൽ ഓർഗനൈസേഷൻ) ആയതിനാൽ ഈ സംഘടനയിലെ ജീവനക്കാരുടെ നിയമനാധികാരവും നിയന്ത്രണവും പ്രസ്തുത സംഘടനയിൽ നിക്ഷിപ്തമാണ്.

16 (1654) കോട്ടയ്ക്കൽ കുഞ്ഞാലിമരയ്ക്കാരുടെ വീട് സംരക്ഷിക്കാൻ നടപടി

<u>ശ്രീ. പി. വിശ്വൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധീര ദേശാഭിമാനി കോട്ടയ്ക്കൽ കുഞ്ഞാലിമരയ്ക്കാരുടെ വീട് സംരക്ഷിക്കാനുള്ള പ്രവർത്തി ഉത്ഘാടനം കഴിഞ്ഞിട്ടും ആരംഭിക്കാത്തതിനുള്ള കാരണം വ്യക്തമാക്കുമോ;

(ബി) പ്രവൃത്തി തുടങ്ങാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിൽ ഈ സാമ്പത്തിക വർഷം തന്നെ പണി പൂർത്തിയാക്കാനുള്ള നടപടികൾ ആവിഷ്കരിക്കുമോ?

<u>ഉത്തരം</u>

(എ) ധീര ദേശാഭിമാനി കുഞ്ഞാലിമരയ്ക്കാരുടെ വീടിന്റെ ശാസ്ത്രീയ സംരക്ഷണ പ്രവർത്തനങ്ങളുടെ ഉദ്ഘാടനമാണ് നടന്നത്. ആദ്യ പര്യവേഷണത്തിൽ വീടിന്റെ ചില ഭാഗങ്ങളുടെ അടിസ്ഥാനം ദൃശ്യമായതിനെത്തുടർന്ന് ശാസ്ത്രീയമായ ഉദ്ഘാടന പ്രവർത്തനങ്ങൾ നടത്തി വീടിന്റെ തനതായ വിസ്തൃതിയും പൊളിഞ്ഞുപോയ ഭാഗങ്ങളുടെ അടിസ്ഥാനവും കണ്ടെ

LIBRARY ARCHIVES Kerala Legislative Assembly

ത്തേണ്ടതുണ്ട്. വിനോദ സഞ്ചാര വകുപ്പിന്റെ സാമ്പത്തിക സഹായത്തോടെയുള്ള ഒരു പ്രോജക്ട് ആയതിനാൽ വിനോദസഞ്ചാര വകുപ്പിന്റെ അനുവാദംകൂടി ലഭിക്കുന്ന മുറയ്ക്ക് കുഞ്ഞാലിമരയ്ക്കാരുടെ വീടിന്റെ ശാസ്ത്രീയമായ സംരക്ഷണ പണികൾ പൂർത്തീകരിക്കുന്നതാണ്.

(ബി) ഉണ്ട്.

(സി) കുഞ്ഞാലിമരയ്ക്കാരുടെ വീടിന്റെ ശാസ്ത്രീയ സംരക്ഷണ പ്രവർത്തനങ്ങളും ഘടനാപരമായ പുനരുദ്ധാരണ പ്രവർത്തനങ്ങളും ഈ സാമ്പത്തികവർഷം തന്നെ പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

17 (1655) പീപ്പിൾസ് ആക്ഷൻ ഫോർ ഡെവലപ്മെന്റ്

പ്രൊഫ. എ.വി. താമരാക്ഷൻ :

ശ്രീ. ടി. നാണു മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'പീപ്പിൾസ് ആക്ഷൻ ഫോർ ഡെവലപ്മെന്റ് കേരള' എന്ന സ്ഥാപനം പ്രവർത്തനം ആരംഭിച്ചതെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇതിന്റെ ആസ്ഥാനം എവിടെയാണ്;

(സി) ഇതിന്റെ പ്രവർത്തനം എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ഡി) ഇതിൽ നിന്നും പൊതുജനങ്ങൾക്കും സംഘടനകൾക്കും എന്തെങ്കിലും ധനസഹായം ലഭിക്കുന്നുണ്ടോ;

(ഇ) എങ്കിൽ ധനസഹായം ലഭിക്കുന്നതിന്റെ മാനദണ്ഡം എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ;

(എഫ്) 1996-97, 1997-98, 1998-99 സാമ്പത്തിക വർഷങ്ങളിൽ ലഭ്യമാക്കിയ ധനസഹായം ജില്ല തിരിച്ച് വെളിപ്പെടുത്തുമോ;

(ജി) കേന്ദ്രത്തിൽ നിന്നും എന്തെങ്കിലും സഹായം ഈ സ്ഥാപനത്തിന് ലഭിക്കുന്നുണ്ടോ: എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) 1985-ൽ രജിസ്റ്റർ ചെയ്ത് 1986-ൽ പ്രവർത്തനം ആരംഭിച്ചു.

(ബി) തിരുവനന്തപുരം

(സി) സന്നദ്ധസംഘടനകളുടെ പ്രവർത്തനം പ്രോത്സാഹിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ പ്രധാനമായും കൗൺസിൽ ഫോർ അഡ്വാൻസ്മെന്റ് ഓഫ് പീപ്പിൾസ് ആക്ഷൻ ആന്റ് റൂറൽ ടെക്നോളജി (കപ്പാർട്ട്) എന്ന കേന്ദ്ര ഗവൺമെന്റ് സ്ഥാപനത്തിന്റെ പരിപാടികളുമായി ബന്ധപ്പെട്ടാണ് നടത്തുന്നത്. "കപ്പാർട്ട്" പദ്ധതികളെ സംബന്ധിച്ചുള്ള വിശദവിവരങ്ങൾ സന്നദ്ധ സംഘടനകൾക്ക് എത്തിക്കാനായി സെമിനാറുകളും ശില്പശാലകളും സംഘടിപ്പിക്കുകയും പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുകയും ചെയ്യുക, പ്രോജക്ടുകൾ തയ്യാറാക്കുന്നതിനുള്ള ഉപദേശങ്ങൾ നൽകുകയും, ലഭിക്കുന്ന പ്രോജക്ടുകൾ പരിശോധിച്ച് തെറ്റുകുറ്റങ്ങൾ പരിഹരിച്ച് കപ്പാർട്ടിലേക്ക് അയയ്ക്കുകയും കപ്പാർട്ടുമായി ബന്ധപ്പെട്ട് പ്രോജക്ടുകൾ അനുവദിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുകയും, അനുവദിച്ച പ്രോജക്ടുകൾ ഭംഗിയായി നടപ്പാക്കാൻ പരിശോധനകൾ നടത്തി നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുക,

LIBRARY ARCHIVES Kerala Legislative Assembly